പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1512 **16-10-2026-ൽ മറുപടിയ്ക്ക്**

<u>വൈസ് ചാൻസലർമാരുടെ നിയമനം</u>

<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u> **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. മമ്മിക്കുട്ടി ശ്രീ. റോജി എം. ജോൺ
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) എൻ.എ.എ.സി.(NAAC) അക്രഡിറ്റേഷൻ ഇല്ലാത്ത സർക്കാർ എയ്‌ഡഡ് കോളേജുകളുടെ എണ്ണം എത്ര; വിശദമാക്കാമോ;

<u>മറുപടി:</u> 15.10.2026 ലെ എൻ.എ.എ.സി (NAAC) വെബ് സൈറ്റ് ഡാറ്റ പ്രകാരം കേരളത്തിലെ 386 കോളേജുകൾക്ക് മാത്രമേ NAAC അക്രഡിറ്റേഷൻ ഉള്ളൂ.

(ബി) സംസ്ഥാനത്തെ സർവകലാശാലകളിലെ വൈസ് ചാൻസലർമാരുടെ നിയമനം സെർച്ച് കം സെലക്ഷൻ കമ്മിറ്റി നിർദ്ദേശാനുസരണമാണോ; വിശദമാക്കാമോ;

<u>മറുപടി:</u> കേരളത്തിലെ അതത് സർവകലാശാലകളിലെ ആക്ടുകളിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത് പ്രകാരമുള്ള സെർച്ച് കം സെലക്ഷൻ കമ്മിറ്റികളുടെ നിർദ്ദേശാനുസരണമാണ് വൈസ് ചാൻസലർമാരെ നിയമിച്ചുവരുന്നത്. നിലവിൽ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല (CUSAT), ശ്രീ ശങ്കരാചാര്യ സംസ്കൃതം സർവ്വകലാശാല (SSSU), കേരള വെറ്റിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ് സിറ്റി (KVASU), തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവകലാശാല (TEMU), ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്‌സിറ്റി (SNOU) എന്നീ സർവകലാശാലകളിലെ സെർച്ച് കം സെലക്ഷൻ കമ്മിറ്റിയിൽ സർക്കാർ നോമിനി കൂടി ഉൾപ്പെട്ടിട്ടുണ്ട്.

നിലവിൽ കേരളത്തിലെ സംസ്ഥാന നിയമത്തിന്മേലുള്ള പൊതു സർവകലാശാലകളിൽ കേരള, കാലിക്കറ്റ്, എ.പി.ജെ. അബ്ദുൽ കലാം ടെക്നോളജിക്കൽ, ഡിജിറ്റൽ സർവകലാശാല എന്നീ 4 സർവകലാശാലകളിൽ മാത്രമേ നിശ്ചിത ടേമുള്ള വിസിമാരെ സെലക്ഷനിലൂടെ ടേം വ്യവസ്ഥയിൽ നിയമിച്ചിട്ടുള്ളൂ. പൊതു സർവകലാശാലകളിലെ ഒഴിവുള്ള വിസി തസ്തികകൾ വേഗം നികത്തുന്നതിനായി വിസിമാരെ നിയമിക്കാനും, സർവകലാശാലാ സിൻഡിക്കേറ്റുകളിൽ നിന്നുള്ള തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളെ ഉൾപ്പെടുത്തി സെർച്ച് കമ്മിറ്റികൾ കാര്യക്ഷമമാക്കാനും സംസ്ഥാന സർക്കാരിന് അധികാരം നൽകുന്ന രീതിയിൽ നിലവിലുള്ള സർവകലാശാലാ നിയമങ്ങൾ ഭേദഗതി ചെയ്യുന്നതിനും, യുജിസി മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് വിസി നിയമനങ്ങളുടെ പരമാവധി പ്രായപരിധി 70 വയസ്സായി ഏകീകരിക്കുന്ന നടപടികളും സർക്കാർ പരിശോധിച്ചുവരുന്നു.

(സി) വൈസ് ചാൻസലർ നിയമനത്തിൽ യു.ജി.സി. നിർദ്ദേശങ്ങളും ബന്ധപ്പെട്ട സർവ്വകലാശാല നിയമങ്ങളും തമ്മിൽ വ്യത്യാസമുണ്ടെങ്കിൽ ഏത് വ്യവസ്ഥയാണ് സർക്കാർ അംഗീകരിക്കുന്നത്; വിശദമാക്കാമോ;

<u>മറുപടി:</u> കേരളത്തിലെ അതത് സർവകലാശാലകളിലെ ആക്ടുകളിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത് പ്രകാരമുള്ള സെർച്ച് കം സെലക്ഷൻ കമ്മിറ്റികളുടെ നിർദ്ദേശാനുസരണമാണ് വൈസ് ചാൻസലർമാരെ നിയമിച്ചുവരുന്നത്. നിലവിൽ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല (CUSAT), ശ്രീ ശങ്കരാചാര്യ സംസ്കൃതം സർവ്വകലാശാല (SSSU), കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ് സിറ്റി (KVASU), തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവകലാശാല (TEMU), ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി (SNOU) എന്നീ സർവകലാശാലകളിലെ സെർച്ച് കം സെലക്ഷൻ കമ്മിറ്റിയിൽ സർക്കാർ നോമിനി കൂടി ഉൾപ്പെട്ടിട്ടുണ്ട്.

നിലവിൽ കേരളത്തിലെ സംസ്ഥാന നിയമത്തിന്മേലുള്ള പൊതു സർവകലാശാലകളിൽ കേരള, കാലിക്കറ്റ്, എ.പി.ജെ. അബ്ദുൽ കലാം ടെക്നോളജിക്കൽ, ഡിജിറ്റൽ സർവകലാശാല എന്നീ 4 സർവകലാശാലകളിൽ മാത്രമേ നിശ്ചിത ടേമുള്ള വിസിമാരെ സെലക്ഷനിലൂടെ ടേം വ്യവസ്ഥയിൽ നിയമിച്ചിട്ടുള്ളൂ. പൊതു സർവകലാശാലകളിലെ ഒഴിവുള്ള വിസി തസ്തികകൾ വേഗം നികത്തുന്നതിനായി വിസിമാരെ നിയമിക്കാനും, സർവകലാശാലാ സിൻഡിക്കേറ്റുകളിൽ നിന്നുള്ള തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളെ ഉൾപ്പെടുത്തി സെർച്ച് കമ്മിറ്റികൾ കാര്യക്ഷമമാക്കാനും സംസ്ഥാന സർക്കാരിന് അധികാരം നൽകുന്ന രീതിയിൽ നിലവിലുള്ള സർവകലാശാലാ നിയമങ്ങൾ ഭേദഗതി ചെയ്യുന്നതിനും, യുജിസി മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് വിസി നിയമനങ്ങളുടെ പരമാവധി പ്രായപരിധി 70 വയസ്സായി ഏകീകരിക്കുന്ന നടപടികളും സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) വൈസ് ചാൻസലർ നിയമനത്തിനായി സെർച്ച് കമ്മിറ്റി രൂപീകരണം മുതൽ നിയമനം വരെയുള്ള ഓരോ ഘട്ടത്തിലും സർക്കാരിന്റെ പങ്ക് എന്താണെന്ന് വ്യക്തമാക്കാമോ;

<u>മറുപടി:</u> കേരളത്തിലെ അതത് സർവകലാശാലകളിലെ ആക്ടുകളിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത് പ്രകാരമുള്ള സെർച്ച് കം സെലക്ഷൻ കമ്മിറ്റികളുടെ നിർദ്ദേശാനുസരണമാണ് വൈസ് ചാൻസലർമാരെ നിയമിച്ചുവരുന്നത്. നിലവിൽ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല (CUSAT), ശ്രീ ശങ്കരാചാര്യ സംസ്കൃതം സർവ്വകലാശാല (SSSU), കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ് സിറ്റി (KVASU), തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവകലാശാല (TEMU), ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി (SNOU) എന്നീ സർവകലാശാലകളിലെ സെർച്ച് കം സെലക്ഷൻ കമ്മിറ്റിയിൽ സർക്കാർ നോമിനി കൂടി ഉൾപ്പെട്ടിട്ടുണ്ട്.

നിലവിൽ കേരളത്തിലെ സംസ്ഥാന നിയമത്തിന്മേലുള്ള പൊതു സർവകലാശാലകളിൽ കേരള, കാലിക്കറ്റ്, എ.പി.ജെ. അബ്ദുൽ കലാം ടെക്നോളജിക്കൽ, ഡിജിറ്റൽ സർവകലാശാല എന്നീ 4 സർവകലാശാലകളിൽ മാത്രമേ നിശ്ചിത ടേമുള്ള വിസിമാരെ സെലക്ഷനിലൂടെ ടേം വ്യവസ്ഥയിൽ നിയമിച്ചിട്ടുള്ളൂ. പൊതു സർവകലാശാലകളിലെ ഒഴിവുള്ള വിസി തസ്തികകൾ വേഗം നികത്തുന്നതിനായി വിസിമാരെ നിയമിക്കാനും, സർവകലാശാലാ സിൻഡിക്കേറ്റുകളിൽ നിന്നുള്ള തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളെ ഉൾപ്പെടുത്തി സെർച്ച് കമ്മിറ്റികൾ കാര്യക്ഷമമാക്കാനും സംസ്ഥാന സർക്കാരിന് അധികാരം നൽകുന്ന രീതിയിൽ നിലവിലുള്ള സർവകലാശാലാ നിയമങ്ങൾ ഭേദഗതി ചെയ്യുന്നതിനും, യുജിസി മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് വിസി നിയമനങ്ങളുടെ പരമാവധി പ്രായപരിധി 70 വയസ്സായി ഏകീകരിക്കുന്ന നടപടികളും സർക്കാർ പരിശോധിച്ചുവരുന്നു.

(ഇ) വൈസ് ചാൻസലർ ഇല്ലാതെ പ്രവർത്തിക്കുന്ന സർവകലാശാലകൾ കേരളത്തിൽ ഉണ്ടോ; വിശദമാക്കാമോ?

<u>മറുപടി:</u> കേരളത്തിലെ അതത് സർവകലാശാലകളിലെ ആക്റ്റുകളിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത് പ്രകാരമുള്ള സെർച്ച് കം സെലക്ഷൻ കമ്മിറ്റികളുടെ നിർദ്ദേശാനുസരണമാണ് വൈസ് ചാൻസലർമാരെ നിയമിച്ചുവരുന്നത്. നിലവിൽ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല (CUSAT), ശ്രീ ശങ്കരാചാര്യ സംസ്കൃതം സർവ്വകലാശാല (SSSU), കേരള വെറ്റിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ് സിറ്റി (KVASU), തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവകലാശാല (TEMU), ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി (SNOU) എന്നീ സർവകലാശാലകളിലെ സെർച്ച് കം സെലക്ഷൻ കമ്മിറ്റിയിൽ സർക്കാർ നോമിനി കൂടി ഉൾപ്പെട്ടിട്ടുണ്ട്.

നിലവിൽ കേരളത്തിലെ സംസ്ഥാന നിയമത്തിന്മേലുള്ള പൊതു സർവകലാശാലകളിൽ കേരള, കാലിക്കറ്റ്, എ.പി.ജെ. അബ്ദുൽ കലാം ടെക്നോളജിക്കൽ, ഡിജിറ്റൽ സർവകലാശാല എന്നീ 4 സർവകലാശാലകളിൽ മാത്രമേ നിശ്ചിത ടേമുള്ള വിസിമാരെ സെലക്ഷനിലൂടെ ടേം വ്യവസ്ഥയിൽ നിയമിച്ചിട്ടുള്ളൂ. പൊതു സർവകലാശാലകളിലെ ഒഴിവുള്ള വിസി തസ്തികകൾ വേഗം നികത്തുന്നതിനായി വിസിമാരെ നിയമിക്കാനും, സർവകലാശാലാ സിൻഡിക്കേറ്റുകളിൽ നിന്നുള്ള തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളെ ഉൾപ്പെടുത്തി സെർച്ച് കമ്മിറ്റികൾ കാര്യക്ഷമമാക്കാനും സംസ്ഥാന സർക്കാരിന് അധികാരം നൽകുന്ന രീതിയിൽ നിലവിലുള്ള സർവകലാശാലാ നിയമങ്ങൾ ഭേദഗതി ചെയ്യുന്നതിനും, യുജിസി മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് വിസി നിയമനങ്ങളുടെ പരമാവധി പ്രായപരിധി 70 വയസ്സായി ഏകീകരിക്കുന്ന നടപടികളും സർക്കാർ പരിശോധിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ